# ധ്രുവം (ചെറുകഥ)

"അമ്മ കഴിച്ചിരുന്ന മെഡിസിൻ എന്തൊക്കെയാണ്...?

നേഴ്സിന്റെ ചോദ്യത്തിനു നേരെ കണ്ണു മിഴിച്ചു നിന്ന കൃഷ്ണകുമാറിനോട് അവർ വീണ്ടും ചോദിച്ചു. - ഗുളികകൾ ... സിറപ്പ് .. പ്രഷറിന്റെയോ, ഷുഗറിന്റേയോ..??

ങ്ഹ.., അമ്മ കഴിച്ചിരുന്ന മരുന്ന് .? എന്തൊക്കെയോ കഴിക്കുമായിരുന്നു. കൃഷ്ണകുമാർ പരുങ്ങി നിന്നപ്പോൾ നേഴ്സ് ചുണ്ട് ഇടത്തോട്ട് കോട്ടി തറപ്പിച്ചൊന്നു നോക്കിയിട്ട് ICU വിന്റെ വാതിൽ തള്ളി തുറന്ന് അകത്തേയ്ക്ക് പാഞ്ഞു.

മഞ്ഞു പെയ്യുന്ന ,അർദ്ധരാത്രി പിന്നിട്ട നേരത്തും അയാൾ വിയർക്കാൻ തുടങ്ങി.

മുറിഞ്ഞു നുറുങ്ങിയ ഓർമ്മകളുടെ നൂലിൽ തൂങ്ങി അമ്മ കഴിച്ചിരുന്ന മരുന്നിലേക്കെത്താൻ

നോക്കി. 'അമ്മയ്ക്കെന്തെങ്കിലും അസുഖമുണ്ടായിരുന്നോ' ഛേ അങ്ങനെയൊന്നുമില്ല. സ്ഥിരമായി എന്തൊക്കെയോ മരുന്ന് കഴിച്ചിരുന്നു എന്നത് നേരാണ്. ആറ് വർഷം മുമ്പുവരെ അച്ഛനും അമ്മയും ഒരുമിച്ചായിരുന്നു മരുന്നു വാങ്ങാൻ പോയിരുന്നത്. അച്ഛൻ മരിച്ചതിൽ പിന്നെ അമ്മയ്ക്ക് ആരാണ് മരുന്ന് വാങ്ങി കൊടുക്കുന്നത്? ഒരിക്കൽ, ഒരിക്കലല്ല രണ്ടു മൂന്നു പ്രാവശ്യം മരുന്നിനുള്ള കുറിപ്പ് അമ്മ തന്നെ ഏൽപ്പിച്ചതാണ്. അന്നൊക്കെ മരുന്നു വാങ്ങാൻ മറന്ന് പാതിരാത്രിയിൽ കയറി വന്ന തന്നോട് പരിഭവം അമ്മ പറഞ്ഞതും പിറ്റേന്ന് അടുത്ത വീട്ടിലെ ജെയിംസ് വഴി മരുന്ന് വാങ്ങിയതും അയാളോർത്തു. പിന്നീട് എന്നും ജെയിംസ് തന്നെയാവും മരുന്ന് വാങ്ങി കൊടുക്കുന്നത്.

ഫോണെടുത്ത് ജെയിംസിന്റെ നമ്പർ സെർച്ച് ചെയ്തു. ഇല്ല, ആയിരത്തിലധികം വരുന്ന തന്റെ

കോൺടാക്റ്റ് ലിസ്റ്റിലോ ഫ്രണ്ട് സർക്കിളിലോ ജെയിംസിന്റെ നമ്പർ ഇല്ല. അയാളിൽ കുറ്റ ബോധത്തിന്റെ പുക ചുരുൾ ഘനീഭവിച്ചുകൊണ്ടിരുന്നു. എന്തോ വന്ന് തന്റെ

തൊണ്ടയിൽ തടയുന്നതായി കൃഷ്ണകുമാറിന് തോന്നി. കൈകൾ വിറയ്ക്കുന്നോ .. കണ്ണുകൾ മങ്ങുന്നോ..,

ഒരു സിഗററ്റിനായി ഷർട്ടിന്റെ പോക്കറ്റിലേക്ക് കുനിഞ്ഞു. വലിച്ചാലോ..?

അയാൾ ചുമരുകളിൽ നോക്കി.' നോ സ്മോക്കിംങ്ങ്'എന്ന് ഒരിടത്തും എഴുതി വച്ചിട്ടില്ല. സമാധാനം. ആശുപത്രിയിൽ അങ്ങനെയൊന്നും എഴുതിയില്ലെങ്കിലും ഇവിടെയിരുന്ന് വലിക്കുന്നത് ഔചിത്യമല്ല എന്ന തോന്നലിൽ അയാൾ അതു വേണ്ടെന്നു വച്ചു.

ഇടനാഴിയിലെ മഞ്ഞ വെളിച്ചത്തിൽ രാത്രി ഡ്യൂട്ടിക്കാരായ നേഴ്സുമാർ മാത്രം അങ്ങോട്ടുമിങ്ങോട്ടും പായുന്നുണ്ട്.

'ഇവരൊക്കെ എത്ര നല്ലവരാണ്..എല്ലാവരും ഉറങ്ങുമ്പോഴും രോഗികൾക്കു വേണ്ടി ഉറങ്ങാതിരിക്കുന്ന ഇവരെ 'മാലാഖമാർ' എന്നു വിളിച്ചത് ആരായാലും സമ്മതിച്ചു കൊടുക്കണം. അമ്മയെ നോക്കുന്ന നേഴ്സ് തന്നോട് ഒന്നും ചോദിച്ചിട്ട് കാര്യമില്ല എന്നു തോന്നിയതുകൊണ്ടാകാം പിന്നീട് ഇങ്ങോട്ട് വന്നെങ്കിലും മുഖത്തുനോക്കാതെ പോയത്.

കുറച്ച് കഴിഞ്ഞ് വാതിൽ പാതി തുറന്ന് ചുണ്ടുകളെ മൂടിയിരുന്ന മാസ്ക് മാറ്റാതെ തന്നെ ചോദിച്ചു. - കൂടെ ആരെങ്കിലുമുണ്ടോ..? സ്ത്രീകളായിട്ട്..?

ഞെട്ടിയുണർന്ന് 'ഇല്ല' എന്നു പറഞ്ഞു തീരും മുമ്പ്

അവർ വാതിൽ അടച്ചു!

എന്തു ചെയ്യണമെന്നറിയാതെ കൃഷ്ണകുമാർ തലങ്ങും വിലങ്ങും നടന്നു.അമ്മയുടെ അസുഖങ്ങൾ..,
മരുന്നുകൾ,,.ഭക്ഷണം.. ഒന്നുമറിയില്ല എന്നു പറയേണ്ടി വന്ന ദുരവസ്ഥയെ മനസ്സിൽ ശപിച്ചു കൊണ്ടിരുന്നു. തന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അറിഞ്ഞിരുന്ന അമ്മ, ശബ്ദമൊന്നു മാറിയാൽ ചോദിക്കുമായിരുന്നു.

,എന്താ നിനക്കു വയ്യേ.. എന്ന്.

ഏതൊക്കെ ദിവസം തനിക്ക് എന്തൊക്കെ വേണമെന്ന് അമ്മയ്ക്കറിയാം. തിരക്കുകളെല്ലാം തീർത്ത് പാതിരാത്രിയിൽ എത്തി ചേരുന്ന ശനിയാഴ്ചകളിൽ അമ്മ അറിഞ്ഞിരുന്നു തനിക്ക് എരിവുള്ള മീൻ വറുത്തതും പിന്നെ പതിവു കറികളും ഉറങ്ങുന്നതിനു മുമ്പ് കഴിക്കാൻ കുറച്ച് സലാഡും വേണമെന്ന്.

പക്ഷേ അമ്മയുടെ കാര്യം..!

അയാൾക്ക് കരയണമെന്ന് തോന്നി. അമ്മയ്ക്ക് എന്തെങ്കിലും സംഭവിച്ചാൽ..!

ഉറക്കെ കരഞ്ഞില്ലെങ്കിൽ നെഞ്ചു വിങ്ങി തളർന്നു വീഴുമെന്ന് അയാൾക്കു തോന്നി.

നിലവിളി നെഞ്ചിനും തൊണ്ടയ്ക്കുമിടയിൽ കിടന്ന് തിങ്ങി കരഞ്ഞു.

ഇന്ന് ശനിയാഴ്ചയായിരുന്നു.ഒടുങ്ങാത്ത സമ്മർദ്ദങ്ങളുടെ ഇടവേളയിൽ നഗരത്തിലെ മുന്തിയ ബാറിലെ
ഏകാന്തതയിലിരുന്ന് മൂന്ന് പെഗ്ഗിൽ ടെൻഷനുകൾ ഊതി കെടുത്തിയിട്ടായിരുന്നു വീട്ടിലെത്തിയത്.

പതിവുപോലെ ചെമ്പാവരിയുടെ ചോറും ,സാമ്പാറും, പുളിശ്ശേരിയും, മാങ്ങ അച്ചാറും ,തോരനും പിന്നെ ഒരു മഗ്ഗ് നിറയെ സലാഡും ഡൈനിംങ് ടേബിളിൽ തയ്യാറാക്കി വച്ചിരുന്നു.

അമ്മ ഒന്നും പറഞ്ഞില്ല. അച്ഛന്റെ മരണശേഷം

അമ്മ അധികം സംസാരിക്കാറില്ല. പരസ്പരം എല്ലാം അറിയുന്നവർക്കിടയിൽ സംസാരിക്കാൻ എന്ത് എന്ന് ഞങ്ങൾക്കിരുവർക്കും തോന്നിയിരിക്കാം. പതിനാലു കിലോമീറ്റർ ദൂരത്ത് കെട്ടിച്ചയച്ച സഹോദരിയും മക്കളും അളിയനും വരുമ്പോൾ മാത്രമാണ് വീട് ഉണരാറുള്ളത്. കൃഷ്ണകുമാർ തിങ്കളാഴ്ച പോയാൽ ബുധനാഴ്ച രാത്രിയാണ് എത്തുക.വ്യാഴാഴ്ച അതിരാവിലെ പോയാൽ ശനിയാഴ്ച രാത്രിയും.തെക്കോട്ടും വടക്കോട്ടുമുള്ള നിരന്തര യാത്രകളിൽ ഒരു ഇടത്താവളം മാത്രമായി വീട് മാറിയിട്ട് വർഷം അഞ്ചായി.ഞായറാഴ്ചകളിൽ കമ്പ്യൂട്ടറിനു മുമ്പിൽ തപസിരുന്നാലും തീരാത്ത ജോലിയാണ്.

കഴിഞ്ഞ മൂന്നു വർഷമായി ഏറ്റെടുത്ത ജോലിയും ടാർജറ്റും ലക്ഷ്യത്തിലേക്കുള്ള കുതിപ്പുമാണ്. കേരളത്തിലങ്ങോളമിങ്ങോളമുള്ള ഡീലർമാരുടെ

ഫോൺ നമ്പറും വീട്ടുകാര്യങ്ങളും അവരുടെയൊക്കെ ബലവും ദൗർബല്യവുമൊക്കെ കൃഷ്ണകുമാർ എന്ന ഏരിയാ സെയിൽസ് മാനേജർക്ക് ഹൃദ്യസ്തമാണ്.പൊക്കിൾക്കൊടി ബന്ധത്തിന്റെ ചുറ്റുവട്ടങ്ങളിലെ അന്യതാ ബോധത്തെക്കുറിച്ചുള്ള തിരിച്ചറിവിൽ കുറ്റബോധം തോന്നാറുണ്ട്. അതിജീവിച്ച ടാസ്ക്കുകൾ സമ്മാനിച്ച ജീവിത സൗകര്യങ്ങൾ മറ്റുള്ള ചെറുപ്പക്കാരിൽ നിന്നും ഉയർന്ന സ്ഥാനത്താണ് തന്റെ നിൽപ്പ് എന്ന തോന്നലിൽ മനസ്സിന്റെ വെമ്പൽ ലക്ഷ്യത്തിലേക്കുള്ള കുതിപ്പിൽ മാത്രമാണ് . ശൂന്യതയിൽ നിന്നുമാരംഭിച്ച തന്റെ അടുത്ത അച്ചീവ്മെൻറ്

കൊച്ചിയിലെ ഒരു കോടി വിലയുള്ള ഫ്ലാറ്റാണ്.

സ്മാർട്ട് ഫോണിൽ നിന്ന് ബൈക്കിലേക്കും, കാറിലേക്കും - ഇനി ഫ്ലാറ്റിലേയ്ക്കും കയറി പോകുന്നത് വശങ്ങളിലേക്കു നോക്കാതെയുള്ള ഓട്ടം കൊണ്ടു മാത്രമാണ്. മൂന്നു കോടി ജനങ്ങളിലേയ്ക്ക് തങ്ങളുടെ ഉല്പന്നത്തെ എത്തിക്കുമ്പോൾ തനിയ്ക്ക് വന്നു ചേരാനിരിക്കുന്ന സ്ഥാന സൗഭാഗ്യങ്ങൾ സ്വപ്ന

തുല്ല്യമാണ്.

'പങ്കജാക്ഷിയമ്മയുടെ കൂടെ വന്നത് ആരാ.,

പുതുതായി ചാർജെടുത്ത നഴ്സിന്റെ അന്വേഷണം. 'ങ് ഹ .. ഞാൻ തന്നെ...'

പാതി മയക്കത്തിൽ നിന്നുണർന്ന് അയാൾ

icu വിനടുത്തേക്ക് ചെന്നു. മാലാഖ മാസ്ക്

മാറ്റി പറഞ്ഞു - പേടിക്കാനൊന്നുമില്ല., ലോ- ബി.പിയാണ്. കുറച്ചു ചെക്കപ്പൊക്കെ വേണ്ടി വരും രാവിലെ ഡ്യൂട്ടി ഡോക്ടർ വന്നിട്ട് തീരുമാനിക്കാം.. നിങ്ങൾ താഴെ ഹാളിൽ പോയി

ഉറങ്ങിക്കോളൂ ...,

' അപ്പോൾ ഡോക്ടർ വന്നാൽ ഉടനെ പോകാൻ പറ്റും..ല്ലേ..,

'അതെ നേരം പുലരട്ടേ..,

ഓ... ദീർഘനിശ്വാസത്തോടൊപ്പം അടക്കി വച്ചിരുന്ന ഒരു കീഴ്ശ്വാസം അയാളുടെ നിയന്ത്രണത്തിൽ നിന്നും പിടി വിട്ട് ചീറ്റിപോയ പടക്കത്തിന്റെ ദൈന്യതയാർന്ന പ്റ്...പ്റ്.. ശബ്ദം അവർക്കിടയിൽ അസ്വാരസ്യം തീർത്തു.

നേഴ്സ് ദേഷ്യത്തോടെ ഉൾവലിഞ്ഞപ്പോൾ അയാളിൽ നിന്നും ആശ്വാസത്തിന്റെ നിശ്വാസമുതിർന്നു .

ചമ്മൽ നിറഞ്ഞ ഏകാന്തതയിൽ  ഓർത്തത് വിസർജ്യങ്ങൾക്ക് ദുർഗന്ധമുണ്ടാകാതിരിക്കാനുള്ള ഏതെങ്കിലും ഉല്പന്നം കണ്ടുപിടിക്കാത്തത് എന്താണെന്നാണ്.ഗന്ധമില്ലാത്ത കീഴ്ശ്വാസവും മലവും മൂത്രവുമൊക്കെ ആയിരുന്നെങ്കിൽ ജീവിതത്തിന്റെ പകുതി അസ്വസ്ഥതകളും പരിഹരിക്കപ്പെട്ടേനെ എന്നു തോന്നിപ്പോയി.

അങ്ങനെ ഒരു പ്രോഡക്ട്  സൃഷ്ടിക്കാൻ പറ്റിയാൽ  മാർക്കറ്റിംങ് ആക്ടിവിറ്റീസ്

എങ്ങനെയൊക്കെ ആയിരിക്കുമെന്ന്  ഒരു കാര്യവുമില്ലാതെ അയാളുടെ ചിന്തയിലേക്കു കടന്നു വന്നു.

പുലർകാലത്ത് സീനിയർ ഉദ്യോഗസ്ഥന്റെ കോൾ എത്തി. 'മെയിൽ നോക്കിയില്ലേ എന്നാണ് ആദ്യ ചോദ്യം..ഇല്ല'. വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാനിരിക്കുമ്പോഴാണ്  അമ്മ അടുക്കളയിൽ കുഴഞ്ഞു വീണത്. അമ്മയെ ആശുപത്രിയിൽ അഡ്മിറ്റാക്കിയതും മറ്റും ഒറ്റ ശ്വാസത്തിൽ പറഞ്ഞു.

'അമ്മ ആശുപത്രി ..സെൻറി മെന്റ് സൊന്നും എനിയ്ക്ക് കേൾക്കണ്ട കെ.കെ... രാവിലെ പത്തു മണിയ്ക്ക് മുമ്പായി  എല്ലാ കോംപറ്റീറ്റേഴ്സിന്റേയും ലേറ്റസ്റ്റ് പായ്ക്കറ്റ് സാമ്പിളുകൾ കളക്റ്റ് ചെയ്ത് സ്കാൻ ചെയ്ത് അയക്കണം... നമ്മുടെ പുതിയ പായ്ക്കറ്റ് ഡിസൈനിങ്ങിന്റെ ഫിനിഷിംങ് വർക്കുമായി ബന്ധപ്പെട്ട്  എം ഡി .ആസ്ത്രേ ലിയയിലാണ്... എത്രയും പെട്ടെന്ന് അദ് ദേഹത്തിന്  വിവരങ്ങൾ ലഭിച്ചിരിക്കണം.. ! ഒകെ... ഓകെ...

ഫോൺ  കട്ടായപ്പോൾ മനസ്സിൽ എഴുപതോളം സ്റ്റോക്കി സ്റ്റുകളും ഇരുപതിനായിരത്തിനു മേലുള്ള ഔട്ട് ലെറ്റുകളും തന്റെ കീഴിൽ കേരളത്തിലങ്ങോളമിങ്ങോളം വർക്ക് ചെയ്യുന്ന

നാല്പത്തി മൂന്ന് സെയിൽസ് റെപ്രസെന്റേറ്റീവുമായിരുന്നു.

തിടുക്കത്തിൽ കാറിലെത്തി ലാപ് ടോപ് ഓൺ ചെയ്ത് എല്ലാ റെപ്രസെന്ററ്റീവിനും മെയിൽ ഫോർവേഡ് ചെയ്യാനും നിർദ്ദേശങ്ങൾ രേഖപ്പെടുത്താനും തുടങ്ങി.

പലർക്കും അപ്പോൾ തന്നെ ഫോൺ ചെയ്തു. നീണ്ട ബെല്ലടികൾക്കു ശേഷം എടുത്തു കാതു കൂർപ്പിച്ചവരോടൊക്കെ കർക്കശമായ നിർദ്ദേശങ്ങൾ കൊടുത്തു. ഇനി ആരും ഉറങ്ങരുത് എന്നു കണക്കുകൂട്ടി തന്നെയാണ് എല്ലാവരെയും വിളിച്ചു കൊണ്ടിരുന്നത്. ഉറക്ക ചടവിലും അനുസരണയുള്ള കുട്ടികളെ പോലെ അവരെല്ലാം യെസ് സാർ ..., യെസ് സാർ എന്നു മാത്രം പ്രതിവചിച്ചു കൊണ്ടിരുന്നു.

രാത്രി- പകൽ- ഞായറാഴ്ച അവധി തുടങ്ങിയ പരിഗണന കളൊന്നും തങ്ങളുടെ ജോലിക്ക് ഇല്ല എന്നുൾക്കൊണ്ടവർക്കു് മറിച്ചൊന്നും പറയാൻ പറ്റുമായിരുന്നില്ല. ഈ രംഗത്തെ ജോലിയ്ക്ക് വൈവാഹിക ജീവിതം അയോഗ്യതയാണ്. കൃഷ്ണകുമാർ വഹിക്കുന്ന പദവിയുടെ യോഗ്യത വീട്, കൂട്ട്, അമ്മ- അച്ഛൻ തുടങ്ങിയ നൂലാമാലകളൊന്നും പാടില്ല എന്നതു തന്നെയാണ്. എം. ഡി യു ടെ മുമ്പിൽ കൃഷ്ണകുമാർ ഏകനാണ്. ചെന്നെയിൽ ജനിച്ചു വളർന്ന മലയാളി ദമ്പതികളുടെ ഏകമകൻ ,പണവും പദവിയും ലക്ഷ്യമാക്കുന്ന ബിസിനസ്സ് മോഹങ്ങളും മത്സരബുദ്ധിയും മാത്രമുള്ള ചെറുപ്പക്കാരൻ. ജോലി ലഭ്യതയുടെ

ഉറപ്പിനു വേണ്ടി ആപ്ലിക്കേഷൻ ഫാറത്തിൽ അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ല എന്നു സാക്ഷ്യപ്പെടുത്തിയിരുന്നു.!

ഫോൺ, ബൈക്ക്, ലാപ്ടോപ്പ്. കാറ്... കഴിഞ്ഞു പോയ ഓരോ ടാർജറ്റുകളിലും കീഴടക്കി. ഇനി ഫ്ലാറ്റ്.. മോഹിച്ച് മോഹിച്ച് ടോപ്പിലേക്കെത്തിക്കഴിഞ്ഞാൽ കമ്പനിക്ക് പിന്നീട് കൃഷ്ണ കുമാറിനെ ആവശ്യമില്ല. കല്യാണം കഴിച്ച് സുഖമായി ജീവിച്ചു കൊള്ളണം.

ഓട്ട പന്തയത്തിനിടയിൽ ഫ്ലാറ്റും ജീവിതവും കിട്ടാതെ കാലിടറി വീണാൽ ഇനിയുള്ള ജീവിതം

തെരുവിലലയും. ഇതും ഒരു കളിയാണ്.മോഹക്കളി!

അച്ചീവ്മെൻ്റിലേക്കുള്ള യാത്രയ്ക്ക് ഇനി മൂന്നു മാസം മാത്രം. മാസത്തെ ദിവസങ്ങളാക്കിയും ,മണിക്കൂറുകളാക്കിയും

-മിനിറ്റുകളാക്കിയും ഓരോ നിമിഷത്തിലും കവർന്നെടുക്കേണ്ട പോയിൻ്റുകളെ കൃത്യവും സൂഷ്മവുമായി ദിവസേന വർക്ക് ഫയലിലേക്ക് മെസേജുകൾ വന്നു കൊണ്ടിരിക്കും. ഇനിയുള്ള മിനിറ്റുകളെ ക്രിയാത്മകമാക്കിയില്ലെങ്കിൽ വീണുപോകുന്നത് പരാജയത്തിൻ്റെ പടുകുഴിയിലേക്കായിരിക്കും. അമ്മയുടെ അസുഖം കൂടുകയും അധിക ദിവസം ആശുപത്രിയിൽ കിടക്കേണ്ടി വരികയും ഒടുവിൽ എന്തെങ്കിലും സംഭവിക്കുകയും ചെയ്താൽ അതൊക്കെ താൻ എങ്ങനെ നേരിടും എന്നോർക്കുമ്പോൾ അയാൾ പരിഭ്രമത്തിൻ്റെ പരകോടിയിലേക്കു പോകും.

അടഞ്ഞു പോയ കണ്ണുകൾക്കു മുമ്പിൽ ഇരുളും വെളിച്ചവും നിറഞ്ഞ ഒരു കിനാവിൽ താൻ വലിയൊരു സദസ്സിൽ ജേതാവിൻ്റെ തലയെടുപ്പോടെ വന്ന് സ്വർണ്ണ നിറമുള്ള വലിയൊരു താക്കോൽ ഏറ്റു വാങ്ങുന്നതും, ചുറ്റുമുള്ള എക്സിക്യൂട്ടീവ് സദസ്സ് അഭിനന്ദനങ്ങളാലും കരഘോഷങ്ങളാലും തന്നെ പൊതിയുന്നതും അറിഞ്ഞു. പൊടുന്നനെ വെളിച്ചം ഇല്ലാതാകുന്നതും ചുറ്റും കൂടിനിന്നവർ ആർത്തു ചിരിക്കുന്നതും അവ രണിഞ്ഞിരുന്ന ചുവന്ന ടൈ 'കൾ കിതയ്ക്കുന്ന വേട്ടനായ്ക്കളുടെ നാവു പോലെ ഭീതിയും വെറുപ്പും ജനിപ്പിച്ചു.

ഉയരത്തിൽ നിന്നും ടെലിവിഷൻ ഗെയിമിൽ കണ്ടതുപോലെ അഗാധഗർത്തത്തിലേക്ക് പോകുന്നതും കാളക്കൂറ്റന്മാർ വളഞ്ഞു

കൂർത്ത കൊമ്പുകളുയർത്തി മുക്രയിട്ടു കൊണ്ട്  പാഞ്ഞു വരുന്നതും അമ്മയുടെ  മോനേ... എന്ന വിളിയും കേട്ടുണർന്നപ്പോൾ  അയാൾ വിയർത്തൊലിച്ചിരുന്നു.

അമ്മ വീണ്ടും വിളിച്ചു കൊണ്ടിരുന്നു.

അമ്മേ..., അമ്മേ.. എന്നു വിളിച്ചയാൾ അവരുടെ കൈകൾ ചേർത്തു പിടിച്ചു കൊണ്ട് ചോദിച്ചു.

അമ്മ.. അമ്മ... അവിടന്നിറങ്ങി വന്നോ..?

'എയ് എനിക്കു കുഴപ്പമൊന്നുമില്ല മോനേ...,

മരുന്നെല്ലാം ഡിസ്പെൻസറിയിൽ നിന്നും വാങ്ങണമത്രേ...

മോൻ പോയി അതും വാങ്ങി ഞാൻ കിടന്ന റൂമിനടുത്തേയ്ക്കു വാ..

അമ്മയെ മുൻ സീറ്റിൽ തന്നെയിരുത്തി അയാൾ വളരെ സാവധാനമാണ് വണ്ടിയോടിച്ചത്.അമ്മയുടെ മുഖത്ത് ക്ഷീണമൊന്നും തോന്നിയില്ല. രാവിലെ പശുവിന് കൊടുക്കാൻ ഒന്നുമില്ലല്ലോ എന്ന പരിഭവം മാത്രം. അമ്മ പൊതുവെ സന്തോഷവതിയാണെന്ന് അയാൾക്കു തോന്നി.

പശുവിനെ വിൽക്കുന്ന കാര്യം പറഞ്ഞ് അത് കെടുത്തണ്ട എന്നു തോന്നി.

യാത്രക്കിടയിൽ  കൃഷ്ണകുമാർ അമ്മയോടു ചോദിച്ചു- ' അമ്മേ.. നമുക്ക് നാളെ ഒരു തീർത്ഥാടത്തിനു പോയാലോ..?

'അച്ഛന്റെ നാട്ടിലേക്ക്.. അച്ഛന്റെ കുടുംബക്ഷേത്രത്തിലേക്ക്..,

' ങ്ഹ .. നിനക്കു  ജോലിക്കു പോകണ്ടേ..

'ഇല്ല ,ഞാൻ ലീവെടുത്തു...!

വളവ് തിരിഞ്ഞ് കയറ്റം കയറി ഇറക്കമിറങ്ങി-, കാറ് വീട്ടുമുറ്റത്തെത്തി.

അമ്മയോടൊപ്പം വീട്ടിലേക്കു കയറുമ്പോൾ അവിടെ പടർന്നു കിടന്ന മൂകതയും ,നിറം മങ്ങിയ ചുമരുകളും കാടുപിടിച്ച പരിസരങ്ങളും അയാളുടെ കാഴ്ചകളെ  അസ്വസ്ഥമാക്കി.

.................................. .....................................

......................................